പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4254 | 20.03.2018-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി ഒപ്പുവെച്ച അന്തർ സംസ്ഥാന ഗതാഗത കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല<br>" സി.മമ്മൂട്ടി<br>" എൻ. ഷംസുദ്ദീൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ക്ക് തമിഴ് നാട്ടിൽ കൂടുതൽ സർവ്വീസുകളും ബസുകളുമെന്ന പ്രഖ്യാപനത്തോടെ ഒപ്പുവെച്ച അന്തർ സംസ്ഥാന ഗതാഗത കരാർ കേരളത്തിന് നഷ്ടക്കച്ചവടമാണെന്ന് ആക്ഷേപമുള്ളത് പരിശോധിക്കുകയുണ്ടായോ; | (എ) | തമിഴ്നാടുമായി കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് പുതിയ അന്തർസംസ്ഥാന കരാർ രൂപീകരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. 2008-ലാണ് അവസാനമായി തമിഴ്നാടുമായി അന്തർസംസ്ഥാന കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. 2008-ലെ അന്തർ സംസ്ഥാന കരാറിൽ ആകെ 6194.4 കിലോമീറ്റർ പുതുതായി സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നതും, മുൻ കരാറുകളിൽ നിന്നും 1962 കിലോമീറ്റർ ദൂരം കുറവ് വരുത്തുന്നതിനും തീരുമാനിച്ചിരുന്നു. അത് പ്രകാരം ആകെ 4232.4 കിലോമീറ്റർ ദൂരമാണ് 2008-ലെ അന്തർസംസ്ഥാന കരാർ പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നതിന് അധികമായി ലഭിച്ചിരുന്നത്. എന്നാൽ പുതുതായി രൂപം കൊടുത്തിരിക്കുന്ന കരാർ പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് 8865 കിലോ മീറ്റർ ദൂരം തമിഴ്നാട്ടിൽ സർവ്വീസ് നടത്തുന്നതിന് ലഭിച്ചിട്ടുണ്ട്. 2008-ലെ കരാർ പ്രകാരം ലഭിച്ച കിലോമീറ്റർ ദൂരത്തേക്കാൾ ഇരട്ടിയിലധികം കിലോമീറ്റർ ദൂരം പുതിയ കരാർ പ്രകാരം ലഭ്യമാകുന്നതാണ്. ടി കരാർ പ്രകാരം ആകെ കേരളത്തിന് 112 ബസ്സുകൾ ഉപയോഗിച്ച് 8865 കിലോമീറ്റർ ദൂരം തമിഴ്നാട്ടിൽ സർവ്വീസ് നടത്തുവാനും, തമിഴ്നാട് സർക്കാരിന് കേരളത്തിൽ 93 ബസ്സുകളുപയോഗിച്ച് 8801.6 കിലോമീറ്റർ ദൂരം സർവ്വീസ് നടത്തുവാനും വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ കേരള സംസ്ഥാനത്തിന് കരാർ പ്രകാരം നഷ്ടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി ക്ക് തമിഴ് നാട്ടിൽ അനുവദിച്ചിട്ടുള്ള 2854 കിലോമീറ്റർ പുതിയ കരാറോടെ സംസ്ഥാനത്തിന് നഷ്ടമാകുമോ; വ്യക്തമാക്കാമോ; | (ബി) | ഓടുന്ന കിലോമീറ്ററിന്റെ മാനദണ്ഡത്തിലാണ് അയൽ സംസ്ഥാനങ്ങളുമായി സംസ്ഥാന സർക്കാർ കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. നിലവിലുള്ള കരാറുകളിൽ നിന്നും 2854 കിലോമീറ്റർ ഒഴിവാക്കിയശേഷമാണ് പുതുതായി 11719 കിലോമീറ്റർ ദൂരം സർവ്വീസിനായി അനുവദിച്ചിട്ടുള്ളത്. ഫലത്തിൽ പുതിയ കരാർ രൂപീകരിക്കുന്നതോടു കൂടി 8865 കിലോമീറ്റർ ദൂരം തമിഴ്നാട്ടിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് അധികമായി ലഭിച്ചിട്ടുണ്ട്. |
| (സി) | പുതിയ കരാറോടെ തമിഴ് നാടിന് കേരളത്തിൽ നിലവിലുള്ള 25 റൂട്ടുകളിൽ 48.4 കിലോമീറ്റർ അധികമായി ലഭിക്കുമോ; വ്യക്തമാക്കാമോ; | (സി) യും (ഡി) യും | തമിഴ്നാടുമായി കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് പുതിയ അന്തർസംസ്ഥാന കരാർ രൂപീകരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. 2008-ലാണ് അവസാനമായി തമിഴ്നാടുമായി അന്തർസംസ്ഥാന കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. 2008-ലെ അന്തർസംസ്ഥാന കരാറിൽ ആകെ 6194.4 കിലോമീറ്റർ പുതുതായി സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നതും, കരാറുകളിൽ നിന്നും 1962 കിലോമീറ്റർ ദൂരം കുറവ് വരുത്തുന്നതിനും തീരുമാനിച്ചിരുന്നു. അത് പ്രകാരം ആകെ 4232.4 കിലോമീറ്റർ ദൂരമാണ് 2008-ലെ അന്തർസംസ്ഥാന കരാർ പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നതിന് അധികമായി ലഭിച്ചിരുന്നത്. എന്നാൽ പുതുതായി രൂപം കൊടുത്തിരിക്കുന്ന കരാർ പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ഫലത്തിൽ 8865 കിലോമീറ്റർ ദൂരം കൂടുതൽ |
| (ഡി) | പരമാവധി റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ എന്ന കെ.എസ്.ആർ.ടി.സി യുടെ ലക്ഷ്യത്തിന് വിരുദ്ധമാണോ പുതിയ കരാർ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | തമിഴ്നാട്ടിൽ സർവ്വീസ് നടത്തുന്നതിന് ലഭിച്ചിട്ടുണ്ട്. 2008-ലെ കരാർ പ്രകാരം ലഭിച്ച കിലോമീറ്റർ ദൂരത്തേക്കാൾ ഇരട്ടിയിലധികം കിലോമീറ്റർ ദൂരം പുതിയ കരാർ പ്രകാരം ലഭ്യമാകുന്നതാണ്. തമിഴ്നാട് സർക്കാരിന്റെ ഭാഗത്ത് നിന്നും 8753.2 കിലോമീറ്റർ ദൂരം പുതുതായി കേരളത്തിൽ സർവ്വീസ് നടത്തുന്നതിനും നിലവിലുള്ള കരാറുകളിൽ ഭേദഗതി വരുത്തുന്നത് വഴി 48.4 കിലോമീറ്റർ ദൂരം ലഭിക്കുന്നതും വഴി ആകെ 8801.6 കിലോമീറ്റർ ദൂരം കേരളത്തിൽ സർവ്വീസ് നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ടി കരാർ പ്രകാരം ആകെ കേരളത്തിന് 112 ബസ്സുകൾ ഉപയോഗിച്ച് 8865 കിലോമീറ്റർ ദൂരം തമിഴ്നാട്ടിൽ സർവ്വീസ് നടത്തുവാനും, തമിഴ്നാട് സർക്കാരിന് കേരളത്തിൽ 93 ബസ്സുകളുപയോഗിച്ച് 8801.6 കിലോമീറ്റർ ദൂരം സർവ്വീസ് നടത്തുവാനും വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ കേരള സംസ്ഥാനത്തിന് കരാർ പ്രകാരം നഷ്ടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**